I ഇ.ബി. XIV - കേരള നിയമസഭ/II-I

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 സെപ്റ്റംബർ 26, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2016 സെപ്റ്റംബർ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I ചരമോപചാരം

വി. വി. ദക്ഷിണാമൂർത്തി, കെ. പുരുഷോത്തമൻ പിള്ള എന്നിവരുടെ നിര്യാണം

കേരള നിയമസഭാംഗങ്ങളായിരുന്ന വി. വി. ദക്ഷിണാമൂർത്തി, കെ. പുരുഷോത്തമൻ പിള്ള എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട

സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II അടിയന്തരപ്രമേയം

സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റ് സീറ്റിലെ ഫീസ് വർദ്ധനവ്

മി. സ്പീക്കർ : സംസ്ഥാനത്ത് സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിന് മാനേജ്മെന്റുകളുമായി ഈ വർഷം ഉണ്ടാക്കിയ കരാറിലെ ഗുരുതരമായ വീഴ്ചമൂലം മെരിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥികളുടെ ഫീസ് നിരക്കിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനവ് ഉണ്ടായ സാഹചര്യംമൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സ്വാശ്രയ മാനേജുമെന്റുകളുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് മെരിറ്റ് സീറ്റുകളുടെ എണ്ണം 750-ൽ നിന്നും 1150 ആയി വർദ്ധിച്ചിട്ടുണ്ട്. 449 ബി.പി.എൽ., എസ്.ഇ.ബി.സി. സീറ്റുകൾ ഇത്തവണ ഗവൺമെന്റ് ക്വാട്ടയിൽ വന്നുചേർന്നിട്ടുണ്ട്. ബി.പി.എൽ. കാറ്റഗറിയിൽപ്പെട്ട മെരിറ്റ് സീറ്റുകളുടെ എണ്ണം 120 ആയും വർദ്ധിച്ചു.

മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ കരാറിനകത്ത് ഗുണപരമായ മാറ്റമാണുണ്ടായത്. കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിലുള്ള കരാറാണ് മാനേജ്മെന്റുകളുമായി ഗവൺമെന്റ് ഒപ്പുവച്ചിട്ടുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ : കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് സമാധാനപരമായ അന്തരീക്ഷമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്നത്. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് കുറഞ്ഞ ഫീസും കൂടുതൽ സീറ്റും എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ക്രമാനുഗതമായ ഫീസ് വർദ്ധനവ് മാത്രമാണ് അന്ന് വരുത്തിയിരുന്നത്. എന്നാൽ ഈ സർക്കാർ വിദ്യാർത്ഥികൾക്ക് താങ്ങാൻ കഴിയാത്ത ഫീസ് അടിച്ചേൽപ്പിച്ചിരിക്കുകയാണ്. മെരിറ്റ് സീറ്റിലെ ഫീസ് 2,50,000 രൂപയായി വർദ്ധിപ്പിച്ചു. കഴിഞ്ഞ ഗവൺമെന്റ് അഞ്ച് വർഷംകൊണ്ട് 6.81 ശതമാനം ഫീസ് വർദ്ധനവ് വരുത്തിയ സ്ഥാനത്ത് ഇപ്പോൾ 35.14 ശതമാനം വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. കോഴ്സ് പൂർത്തിയാക്കുമ്പോൾ മെരിറ്റ് സീറ്റിൽ ഒരു വിദ്യാർത്ഥി 3.25 ലക്ഷം രൂപ അധികമായി നൽകേണ്ടിവരുന്നു. മാനേജ്മെന്റ് ക്വാട്ടയിൽ 8,50,000 രൂപയായിരുന്ന ഫീസ് 11,00,000 രൂപയായി വർദ്ധിപ്പിച്ചു. എൻ.ആർ.ഐ. സീറ്റിൽ 20 ശതമാനത്തിന്റെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ഫീസ് വർദ്ധനവിലൂടെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാൻ

കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. കാര്യങ്ങൾ പഠിക്കാതെ ലാഘവബുദ്ധിയോടെ തീരുമാനമെടുത്തതിന്റെ ഫലമായാണ് ഈ സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നത്. മെരിറ്റ് സീറ്റുകളിൽ പോലും ഗവൺമെന്റിന് നിയന്ത്രണമില്ലാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് സ്വീകരിച്ചുകൊണ്ടിരിക്കുന്ന തെറ്റായ നയം സർക്കാർ അവസാനിപ്പിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: ഇത്തവണ അലോട്ടുമെന്റ് കൃത്യസമയത്ത് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുകയും മാനേജുമെന്റുമായി ചർച്ച നടത്തി ഫീസ് ഘടന നിശ്ചയിക്കുകയും ചെയ്തു. അതിന് അപാകത ഉണ്ടായിട്ടില്ല. 25,000 രൂപ ഫീസ് കൊടുത്ത് പഠിക്കാൻ കഴിയുന്ന കുട്ടികളുടെ എണ്ണം 120 ആയി വർദ്ധിച്ചു. 8,50,000 /- രൂപയ്ക്ക് പകരം 2,50,000 രൂപ ഫീസ് കൊടുത്ത് പഠിക്കാൻ കഴിയുന്ന കുട്ടികളുടെ എണ്ണവും കൂടി ചേർത്താൽ കഴിഞ്ഞ തവണത്തെ 750 കുട്ടികളിൽനിന്ന് 1650 ആയി വർദ്ധിച്ചു. അതുകൊണ്ടാണ് രക്ഷിതാക്കളും കുട്ടികളും തൃപ്തരാണെന്ന് പറയുന്നത്.

മാനേജ്മെന്റുമായി കരാറുണ്ടാക്കിയതിൽ അപാകതയില്ലാത്തതുകൊണ്ടുതന്നെ മെരിറ്റോറിയസ്സായി മുഴുവൻ സീറ്റിലും അഡ്മിഷൻ നടത്താൻ കഴിഞ്ഞു. എട്ട് ലക്ഷം രൂപ ഫീസ് കൊടുത്ത് പഠിച്ച അതേ റാങ്കിലുള്ള കുട്ടികളാണ് രണ്ടരലക്ഷം രൂപ കൊടുത്ത് പഠിക്കുന്നത്. അതുകൊണ്ട് രക്ഷിതാക്കളുടെയും കുട്ടികളുടെയും ഭാഗത്തുനിന്ന് ഒരു പരാതിയും ഉണ്ടായില്ലായെന്ന് മാത്രമല്ല ഗവൺമെന്റിന് അഭിനന്ദനം രേഖപ്പെടുത്തുകയുമുണ്ടായി. യൂത്ത് കോൺഗ്രസ്സിനും അതുപോലെ പ്രതിപക്ഷത്തിനുമാണ് പരാതിയുണ്ടായിരുന്നത്. കെ.എസ്.യു.-നുപോലും പരാതിയില്ല. വിദ്യാർത്ഥി സംഘടനയ്ക്ക് പരാതി പറയാൻ കഴിയില്ല. മെരിറ്റ് സീറ്റിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. വൻതോതിൽ മെരിറ്റ് സീറ്റും സൗകര്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ടുള്ള കരാറാണുണ്ടാക്കിയിട്ടുള്ളത്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : കേരള ചരിത്രത്തിൽ

മുമ്പൊന്നുമില്ലാത്തവിധം സ്വകാര്യ മാനേജ്മെന്റുകൾക്ക് കൊള്ള നടത്താൻ സർക്കാർ അവസരം നൽകിയിരിക്കുകയാണ്. നൂറ് ശതമാനം സീറ്റുകൾ ഏറ്റെടുക്കുമെന്ന സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകാൻ തയ്യാറാകാത്ത നടപടി സ്വാശ്രയ മാനേജ്മെന്റുകളുമായി നടത്തിയ കൂട്ടുകച്ചവടത്തിന്റെ ഏറ്റവും വലിയ തെളിവാണ്. കോടതിയിൽ കേസ് തോറ്റുകൊടുക്കുന്ന സമീപനമായിരുന്നു സർക്കാർ സ്വീകരിച്ചത്. വിദ്യാർത്ഥികൾ ഉയർന്ന ഫീസും തലവരിപ്പണവും കൊടുക്കേണ്ട സ്ഥിതിയിലാണ്. സർക്കാർ നീറ്റ് മെറിറ്റ് പാലിക്കാത്തതുവഴി അർഹരായ കുട്ടികൾക്ക് അഡ്മിഷൻ നിഷേധിക്കപ്പെടുകയാണ്. സ്വാശ്രയ കൊള്ളയ്ക്കെതിരെ നടത്തുന്ന പോരാട്ടത്തിനുനേരെ ആയുധം പ്രയോഗിക്കുകയാണ് സർക്കാർ ചെയ്യുന്നത്. ഭരണകക്ഷിയുടെ നിയന്ത്രണത്തിലുള്ള പരിയാരം മെഡിക്കൽ കോളേജിൽ ഏറ്റവും വലിയ സ്വാശ്രയക്കൊള്ള നടത്തിക്കൊണ്ടിരിക്കുകയാണ്. സമ്പന്നവർഗ്ഗത്തിനുവേണ്ടി മാത്രം ഉണ്ടാക്കിയിരിക്കുന്ന എഗ്രിമെന്റ് അധാർമ്മികവും കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികളോടുള്ള ഏറ്റവും വലിയ ക്രൂരതയുമാണ്. ഇതിനെതിരെ സമരം ചെയ്യുന്ന പ്രതിപക്ഷ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തകരുമായി മന്ത്രിതലത്തിൽ ചർച്ച നടത്താൻ തയ്യാറാകണം. വരേണ്യവർഗ്ഗത്തിനുവേണ്ടി മാത്രം മെഡിക്കൽ, ദന്തൽ വിദ്യാഭ്യാസം റിസർവ്

ചെയ്യുന്ന സർക്കാർ നടപടി അവസാനിപ്പിക്കാനും ഫീസ് വർദ്ധനവ് പിൻവലിക്കാനും തയ്യാറാകണം. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന അഴിമതിക്കെതിരെ സഭയിലിരുന്ന് സമരം ചെയ്യാനും സമരം ചെയ്യുന്ന യൂത്ത് കോൺഗ്രസ്സുകാരടക്കമുള്ള പ്രവർത്തകരുടെ വികാരത്തോടൊപ്പം ചേരാനും ഈ അവസരം ഉപയോഗിക്കുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തി.)

(പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നതിനാൽ രാവിലെ 10.15-ന് സഭാനടപടികൾ താൽക്കാലികമായി നിർത്തിവച്ചു.)

(രാവിലെ 10.15-ന് നിർത്തിവച്ച സഭ 10.55-ന് പുനരാരംഭിച്ചു)

മി. സ്പീക്കർ : കക്ഷിനേതാക്കളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവന നടത്തുന്നതാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സഭയിൽ നിന്നും പുറത്തുപോയ ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ

ഹാജരായി)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ പ്രവേശനവുമായി ബന്ധപ്പെട്ട് പുതിയ ചില പ്രശ്നങ്ങൾ ഈ വർഷം ഉയർന്നുവന്നിട്ടുണ്ട്. സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾ ആരംഭിച്ച കാലം മുതൽ ഒരു പ്രത്യേക നയം തുടർന്നുവരുന്നുണ്ട്. 50 ശതമാനം സീറ്റിൽ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവരെ സർക്കാർ ഫീസിൽ പഠിപ്പിക്കുമെന്നാണ് ധാരണ. ബാക്കിയുള്ള 50 ശതമാനം മാനേജ്മെന്റ് നിശ്ചിത ഫീസിൽ പഠിപ്പിച്ചിരുന്നതിൽ പിന്നീട് ചില മാറ്റങ്ങൾ വരുത്തി. കേന്ദ്രഗവൺമെന്റ് ഇത്തവണ സംസ്ഥാന ലിസ്റ്റിൽ നിന്ന് മെരിറ്റ് അടിസ്ഥാനത്തിൽ 50 ശതമാനം കുട്ടികൾക്ക് പ്രവേശനം നൽകും. നീറ്റ് മെരിറ്റ് അട്ടിമറിക്കാനുള്ള ശ്രമം ഏതെങ്കിലും ഭാഗത്തുനിന്ന് ഉണ്ടായാൽ അതിനെ കർശനമായി നേരിടുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ പ്രവേശനവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിന് മുന്നിൽ നടക്കുന്ന സമരം അവസാനിപ്പിക്കുന്നതിന് സംഘടനാ നേതാക്കളുമായി ആരോഗ്യ വകുപ്പുമന്ത്രി ചർച്ച നടത്തുന്നതാണ്. അതുകൊണ്ട് സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : ആരോഗ്യ വകുപ്പുമന്ത്രി യോഗം വിളിച്ചുചേർക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിൽ

സന്തോഷിക്കുന്നു. സഭാനടപടികൾ തടസ്സപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല.

## III ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ എ. പ്രദീപ്കുമാർ, ചിറ്റയം ഗോപകുമാർ, എം. ഉമ്മർ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## IV ശ്രദ്ധ ക്ഷണിക്കൽ

(1) ദേശീയ വാതക ഗ്രിഡുമായി കൊച്ചി പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനലിനെ ബന്ധിപ്പിക്കൽ

ശ്രീ. എസ്. ശർമ്മ: കൊച്ചി പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനൽ കേരളത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും സാമ്പത്തിക-വ്യാവസായിക ഉന്നതിക്കും വഴിയൊരുക്കുന്ന ഒന്നാണ്. 13000 കി.മീ. നീളത്തിലുള്ള പൈപ്പ്ലൈൻ ശൃംഖല ഉപയോഗപ്പെടുത്തി ഇന്ത്യയുടെ വടക്ക്-പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ 90 ഓളം നഗരങ്ങളിലെ ലക്ഷക്കണക്കിന് വീടുകളിലായി 18 ദശലക്ഷം ക്യൂബിക് മീറ്റർ പ്രകൃതി വാതകമാണ് വിതരണം ചെയ്തുവരുന്നത്. ഇതിനുപുറമേ വിവിധ സംസ്ഥാനങ്ങളിലെ പ്രാദേശിക വിതരണ പൈപ്പ് ലൈനുകളും നിലവിലുണ്ട്. ബ്ലാങ്കറ്റ് പെർമിഷൻ നൽകുന്നതുൾപ്പെടെയുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഊർജ്ജ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ഈ

പദ്ധതി അടിയന്തരമായി പൂർത്തീകരിക്കണം. ഇതിലൂടെ വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കും. മലിനീകരണം തീരെ ഇല്ലാത്ത ഇന്ധനമെന്ന നിലയ്ക്ക് എൽ.എൻ.ജി. സി.എൻ.ജി.യായി കൺവെർട്ട് ചെയ്താൽ 35 ശതമാനം ഇന്ധനം ലാഭിക്കാനും ഗാർഹിക ആവശ്യങ്ങൾക്ക് ചുരുങ്ങിയ ചെലവിൽ പാചകവാതകം എത്തിക്കാനും കഴിയും. ഈ ബൃഹത്തായ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : കേരളത്തിൽ 7 ജില്ലകളിൽ ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനവും രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ സർവ്വേ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. ചില ജില്ലകളിൽ നിർത്തിവച്ചിരുന്ന സർവ്വേ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. കേരളത്തിൽ 5 ഐ.പി. സ്റ്റേഷനുകൾക്കും 26 എസ്.വി. സ്റ്റേഷനുകൾക്കുംവേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 18 സ്റ്റേഷനുകൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കുകയും ബാക്കിയുള്ള സ്റ്റേഷനുകൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുകയും ചെയ്യുന്നു. ഐ.പി./എസ്.പി.സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഏതെങ്കിലും പഞ്ചായത്ത് സമിതികൾ അനുമതി നിഷേധിക്കുന്നുണ്ടെങ്കിൽ അത് ഒഴിവാക്കാൻ ബന്ധപ്പെട്ടവർ

മുൻകയ്യെടുക്കണം. പദ്ധതിയുടെ നിർമ്മാണപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജനപ്രതിനിധികളുടെ സഹകരണമാവശ്യമാണ്. സി.എസ്.ആർ-നെക്കുറിച്ച് വിശദമായി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## (2) മരുന്നുവിപണന മേഖലയിലെ ചൂഷണം

**ശ്രീ. വി. ഡി. സതീശൻ:** സംസ്ഥാനത്ത് അലോപ്പതി-ആയുർവ്വേദ മേഖലകളിൽ നിലവാരം കുറഞ്ഞ മരുന്നുകൾ കൂടിയ വിലയ്ക്ക് വിറ്റ് കോടികളുടെ ലാഭമുണ്ടാക്കുന്ന മരുന്നുകമ്പനികളെ നിയന്ത്രിക്കാനും ഇടനിലക്കാർക്കും ഡോക്ടർമാർക്കും വൻതുകയും സമ്മാനങ്ങളും നൽകി മരുന്നുവിപണിയെ സജീവമാക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനും അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കണം. ഗുണനിലവാരമുള്ള മരുന്നുകൾ വിപണിയിലെത്തിക്കുകയും ഫാർമസ്യൂട്ടിക്കൽ-കോർപ്പറേറ്റ് കമ്പനികളുടെയും സ്വകാര്യ ആശുപത്രികളുടെയും അനധികൃത മരുന്നു കൊള്ള അവസാനിപ്പിക്കുകയും ചെയ്യണം. കേരളത്തിലെ സർക്കാർ - സ്വകാര്യ ആശുപത്രികളിലെ ഇത്തരം

ചൂഷണങ്ങളെ സംബന്ധിച്ച് ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള ടീമിനെകൊണ്ട് അന്വേഷിപ്പിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കേരളത്തിലെ മരുന്നുവിപണന മേഖലയിൽ വർഷങ്ങളായി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്. ബന്ധപ്പെട്ട ആക്ടുകളിലെ മാനദണ്ഡപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളും വ്യവസ്ഥകളും പാലിക്കുന്നുണ്ടോയെന്ന് അതാത് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തിയശേഷമാണ് മരുന്നു കമ്പനികൾക്ക് നിർമ്മാണ ലൈസൻസ് അനുവദിക്കുന്നത്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർ മരുന്നുനിർമ്മാണശാലകളിൽ പരിശോധന നടത്തുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ജി.എം.പി. സർട്ടിഫിക്കറ്റ് നേടിയ രാജ്യാന്തര മരുന്നു കമ്പനികൾ വിപണിയിലെത്തിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മൊത്ത-ചില്ലറ മരുന്ന് വ്യാപാര സ്ഥാപനങ്ങളിൽ നിന്നും സാമ്പിൾ ശേഖരിച്ച് ലാബുകളിലേയ്ക്ക് അയച്ച് പരിശോധന നടത്തുകയും നിശ്ചിത ഗുണനിലവാരമില്ലെന്ന്

കണ്ടെത്തുന്ന മരുന്നുകളുടെ വിൽപ്പന തടയുകയും അവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സർക്കാർ ആശുപത്രികളിലും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും കെ.എം.സി.എൽ. മുഖേന മരുന്നു വിതരണം ആരംഭിച്ചതിനുശേഷം ഈ രംഗത്ത് ഫലപ്രദമായ മാറ്റം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. വിപണിയിലെത്തുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് പരിമിതമായ സംവിധാനമാണ് നിലവിലുള്ളതെന്നത് വസ്തുതയാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മരുന്നുകളുടെ ഗുണനിലവാരപരിശോധനയ്ക്കായി തിരുവനന്തപുരത്തും എറണാകുളത്തും രണ്ട് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ സൂക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ ഇൻസ്പെക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എൻ.പി.പി.എ. (നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി) നിശ്ചയിക്കുന്ന വിലയ്ക്കാണോ സംസ്ഥാനത്ത് മരുന്നുകൾ വിൽക്കുന്നതെന്ന കാര്യം ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധിക്കുന്നതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): മരുന്നുകളുടെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കാലാവധി കഴിഞ്ഞ മരുന്നുകൾ റീ-ലേബലിംഗ് നടത്തി വിൽക്കുന്ന കാര്യം പ്രത്യേകം പരിശോധനാവിധേയമാക്കും. ആരോഗ്യ വകുപ്പിന്റെ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പരിശോധന കർശനമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

**V സബ്മിഷൻ**

(1) ധനസഹായം

ശ്രീ. അടൂർ പ്രകാശ്: കോന്നി നിയോജക മണ്ഡലത്തിലെ ചിറ്റാറിൽ 'വസന്തോത്സവം' എന്ന പേരിൽ നടത്തിയ കാർണിവലിൽ ആകാശവീൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ട കുട്ടികളുടെ കുടുംബത്തിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പത്തനംതിട്ട ജില്ലയിലെ ചിറ്റാറിൽ ആകാശവീൽ അപകടത്തിൽപ്പെട്ട കുട്ടികൾക്ക് ആദ്യ ഘട്ടമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 2 ലക്ഷം രൂപയും തുടർന്ന് 3 ലക്ഷം രൂപയും ആശുപത്രി ചികിത്സയ്ക്കായി ചെലവായ നാലര ലക്ഷം രൂപയുമുൾപ്പെടെ 9.5 ലക്ഷം രൂപ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുമ്പോൾ ഏർപ്പെടുത്തിവരുന്ന ഇൻഷ്വറൻസ് തുകയും കുടുംബാംഗങ്ങൾ

അർഹരാണ്. ഇത്തരം ആഘോഷ പരിപാടികൾ സംഘടിപ്പിക്കുമ്പോൾ സുരക്ഷാക്രമീകരണങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതായിരിക്കും.

## (2) കോടതികളിലെ മാധ്യമ റിപ്പോർട്ടിംഗ്

ശ്രീ. വി. ഡി. സതീശൻ: മുഖ്യമന്ത്രി ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് മാധ്യമപ്രവർത്തകർക്ക് ഹൈക്കോടതി ഉൾപ്പെടെയുള്ള കോടതികളുടെ നടപടിക്രമങ്ങളും വിധിന്യായങ്ങളും റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ സാഹചര്യമൊരുക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മാധ്യമപ്രവർത്തകരും അഭിഭാഷകരും തമ്മിലുണ്ടായ സംഘർഷത്തെത്തുടർന്ന് കോടതി നടപടിക്രമങ്ങളും വിധിന്യായങ്ങളും മാധ്യമപ്രവർത്തകർക്ക് റിപ്പോർട്ട് ചെയ്യാൻ തടസ്സം നേരിടുന്ന സ്ഥിതിയുണ്ടായി. ജൂലായ് മാസത്തിൽ സംസ്ഥാന പോലീസ് മേധാവിയുടെയും അഡ്വക്കേറ്റ് ജനറലിന്റെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ ചർച്ചകൾ നടത്തിയെങ്കിലും പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെട്ടില്ല. ഇക്കാര്യത്തിൽ ബാർ അസ്സോസിയേഷനെയും വർക്കിംഗ് ജേണലിസ്റ്റ് പ്രതിനിധികളെയും ഉൾപ്പെടുത്തി ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അധ്യക്ഷതയിൽ 29-ാം തീയതി വൈകുന്നേരം ഹൈക്കോടതിയിൽ വച്ച് ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ ഭാവിയിലുണ്ടാകാവുന്ന തർക്കങ്ങൾക്ക് പരിഹാരം

കണ്ടെത്തുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ അഭിഭാഷകരുടെയും മാധ്യമപ്രവർത്തകരുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

(3) വിദ്യാഭ്യാസ വായ്പാ കുടിശ്ശിക

ശ്രീ. പി. സി. ജോർജ്: വിദ്യാഭ്യാസ വായ്പാ കുടിശ്ശികയുടെ പേരിൽ നിയമവിരുദ്ധമായി ജപ്തി നടപടി സ്വീകരിക്കുന്ന ബാങ്ക്/റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും രക്ഷിതാക്കളുടെ ആശങ്കയകറ്റുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിദ്യാഭ്യാസ വായ്പ എടുക്കുന്നവർക്ക് സർക്കാർ/സ്വകാര്യ ജോലി കിട്ടിയതിനുശേഷം വായ്പാ തിരിച്ചടവ് ആരംഭിക്കുന്ന തരത്തിലുള്ള ക്രമീകരണമുണ്ടാക്കുന്നതാണ്. കുടിശ്ശിക ഈടാക്കുന്നതിന് തുടർന്നുവരുന്ന രീതികൾ അംഗീകരിക്കാൻ കഴിയില്ല. ഈ പ്രശ്നം ബാങ്കുകളുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം റവന്യൂ ജപ്തി നടപടികൾ ബാധകമാക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

(4) 'ജാതി' കർഷകർ നേരിടുന്ന ബുദ്ധിമുട്ട്

ശ്രീ. റോജി എം. ജോൺ: 'ജാതി' കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

പരിഹരിക്കുന്നതിനും കൃഷിക്ക് സബ്സിഡിയും തറവിലയും നിശ്ചയിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം നടപ്പാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിപ്രകാരം ദീർഘകാല സുഗന്ധവ്യഞ്ജന വിളയായ കുരുമുളക്, ജാതി എന്നിവയ്ക്ക് പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി ഹെക്ടറൊന്നിന് 20,000 രൂപയും ഹോർട്ടികൾച്ചർ വിളകളുടെ സംയോജിത രോഗകീട നിയന്ത്രണത്തിന് ഹെക്ടറൊന്നിന് 1,200 രൂപയും പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചാൽ കായ്ഫലമുള്ള മരത്തിന് 400 രൂപയും കായ്ഫലമില്ലാത്തതിന് 150 രൂപയും നൽകുന്നുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുള്ള ജാതി കർഷകർക്ക് പ്രകൃതിക്ഷോഭംമൂലമോ വന്യമൃഗങ്ങളുടെ ആക്രമണംമൂലമോ കൃഷിനാശം സംഭവിച്ചാൽ മരമൊന്നിന് 200 രൂപയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ജാതി കർഷകർക്ക് ഹെക്ടറിന് 50,000 രൂപയും ധനസഹായം നൽകുന്നുണ്ട്. ജാതിയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി വിപണനം നടത്തുന്ന സംരംഭങ്ങൾക്ക് അഗ്രോ പാർക്കുകളിൽ സൗകര്യമൊരുക്കാനും പഞ്ചായത്തുകൾവഴി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന

തരത്തിൽ മൈക്രോ സെക്ടർ കോഡിൽ ജാതി കൃഷിയെക്കൂടി ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്.

## (5) തസ്തികകൾ സൃഷ്ടിക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ: പീരുമേട് താലൂക്കാശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പീരുമേട് താലൂക്കാശുപത്രിയിൽ ഓപ്പറേഷൻ വാർഡും മെറ്റേണിറ്റി ബ്ലോക്കും നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും അത്യാവശ്യ ഘട്ടങ്ങളിൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനായി നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി. മുഖേന അഡ്വൈസ് നൽകുന്നമുറയ്ക്കും പ്രവേശനകാലം ദീർഘിപ്പിച്ച് നൽകിയിട്ടുള്ളവർ തിരിച്ചുവരുന്ന മുറയ്ക്കും നിലവിലുള്ള ഒഴിവുകൾ നികത്തിക്കൊണ്ടിരിക്കുകയാണ്. ആവശ്യമായ തസ്തികകൾ ക്രിയേറ്റ് ചെയ്യുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്ന് പ്രൊപ്പോസൽ ആവശ്യപ്പെട്ടിട്ടുണ്ട്. താലൂക്കാശുപത്രികളിൽ മൊത്തത്തിൽ തസ്തിക സൃഷ്ടിക്കുന്ന അവസരത്തിൽ പീരുമേട് താലൂക്കാശുപത്രിക്ക് പ്രത്യേക പ്രാധാന്യം

നൽകുന്നതാണ്.

## (6) നെല്ല് സംഭരണം പൂർത്തീകരിക്കലും താങ്ങുവില വർദ്ധിപ്പിക്കലും

ശ്രീ. കെ. വി. വിജയദാസ്: നെല്ല് സംഭരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും താങ്ങുവില വർദ്ധിപ്പിക്കുന്നതിനും നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് മില്ലുടമകളിൽനിന്ന് നെൽകർഷകർ നേരിടുന്ന ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): കേന്ദ്രസർക്കാർ നെല്ലിന്റെ അടിസ്ഥാന താങ്ങുവില കിലോയ്ക്ക് 14.70 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ സംഭരണ വില വർദ്ധിപ്പിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. നെല്ലിന്റെ താങ്ങുവില ആഴ്ചതോറും കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒക്ടോബർ 1 മുതൽ നെല്ല് സംഭരണത്തിന് അനുവാദം നൽകിയിരുന്നെങ്കിലും തീയതി അഡ്വാൻസ് ചെയ്തുതരണമെന്ന കൃഷിക്കാരുടെ ആവശ്യം കേന്ദ്രഗവൺമെന്റിനെ അറിയിച്ച് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. മില്ലുടമകളുടെ പ്രശ്നങ്ങൾ 28-ാം തീയതി കൂടുന്ന യോഗത്തിൽ ചർച്ച ചെയ്ത് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

## (7) ഓപ്പൺ യൂണിവേഴ്സിറ്റി

ശ്രീ. റ്റി. വി. രാജേഷ്: കേരളത്തിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി

ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കേരളത്തിൽ ഗവൺമെന്റ് കോളേജുകളിലേയും എയ്ഡഡ് കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് നിലവിലുള്ള യൂണിവേഴ്സിറ്റികൾ ഉപയോഗപ്രദമാണ്. എന്നാൽ വിദൂര വിദ്യാഭ്യാസം നിർത്തലാക്കിയ സാഹചര്യത്തിൽ ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

## (8) ബിരുദ വിഭാഗത്തിൽ സയൻസ് വിഷയങ്ങൾക്ക് സീറ്റ് വർദ്ധിപ്പിക്കൽ

ശ്രീ. എം. സ്വരാജ്: സർക്കാർ കോളേജുകളിൽ ബിരുദ വിഭാഗത്തിൽ സയൻസ് വിഷയങ്ങൾക്ക് സീറ്റ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ലബോറട്ടറി സൗകര്യങ്ങളുടെ അപര്യാപ്തതമൂലം സയൻസ് വിഷയങ്ങളിൽ സീറ്റ് വർദ്ധിപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും ഭൗതിക സാഹചര്യങ്ങൾ ലഭ്യമായ എല്ലാ കോളേജുകളിലും യൂണിവേഴ്സിറ്റികളുടെ അനുമതിയോടെ സീറ്റു വർദ്ധന നടപ്പിലാക്കിയിട്ടുണ്ട്. ഭൗതിക സൗകര്യമുള്ള കോളേജുകളിൽ സീറ്റ് വർദ്ധിപ്പിച്ചിട്ടില്ലെങ്കിൽ ആയത് പരിശോധിക്കുന്നതാണ്.

## (9) ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കലും പുതിയ കോഴ്സുകൾ അനുവദിക്കലും

ശ്രീ. പാറക്കൽ അബ്ദുല്ല: കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മൊകേരി ഗവൺമെന്റ് കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): മൊകേരി ഗവൺമെന്റ് കോളേജിൽ ബി.എസ്.സി.(കെമിസ്ട്രി), ബി.എ.(മലയാളം), എം.കോം എന്നീ കോഴ്സുകൾ പുതിയതായി അനുവദിക്കണമെന്ന അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. അധിക സാമ്പത്തിക ബാധ്യതയുണ്ടാകാത്ത വിധത്തിൽ പ്രസ്തുത കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപട്ടികയിലെ 3(1), (2) ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VII റിപ്പോർട്ട് സമർപ്പണം

I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

# VIII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും
സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ക്രമപ്രശ്നം

ബിൽ നിയമവിരുദ്ധമാണെന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: ദേവസ്വം ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാക്കുന്നതിന് സർക്കാർ നയപരമായി തീരുമാനം കൈക്കൊണ്ടതിനാൽ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ടിനും ചട്ടങ്ങൾക്കും പ്രസക്തിയില്ലെന്ന് വകുപ്പുമന്ത്രി സഭയിൽ പ്രഖ്യാപിച്ചതിനുശേഷം അതേ ആക്ടിന്റെ ഭേദഗതി ബിൽ അവതരിപ്പിക്കുന്നത് നിയമവിരുദ്ധവും സഭയോടുള്ള അവഹേളനവുമാണ്. പ്രധാന ആക്ടിലെ 6-ാം വകുപ്പ് എടുത്തു കളയാതെയും 5-ാം വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായുമാണ് ഭേദഗതി

ബില്ലിൽ 6-ാം വകുപ്പ് കൊണ്ടുവന്നിരിക്കുന്നത്. സ്പെഷ്യൽ റൂളുണ്ടാക്കാൻ കാലതാമസമുള്ളതുകൊണ്ടാണ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചതെന്ന വാദം നിരർത്ഥകമാണ്.

ശ്രീ. വി. ഡി. സതീശൻ: ദേവസ്വം നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാനുള്ള നയപരമായ തീരുമാനമെടുക്കുകയും ഈ ആക്ടിനും റൂളിനും ഭാവിയിൽ പ്രസക്തിയില്ലെന്ന് നിയമസഭയിൽ പ്രഖ്യാപിക്കുകയും ചെയ്തതിനുശേഷം ബിൽ വീണ്ടും കൊണ്ടുവരുന്നത് വകുപ്പുമന്ത്രി സഭയ്ക്ക് നൽകിയ ഉറപ്പിന്റെ ലംഘനമാണ്. ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ദേവസ്വം നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്നതിന് കഴിഞ്ഞ ഇടതുമുന്നണി സർക്കാർ തീരുമാനമെടുത്തപ്പോൾ ക്ഷേത്രാചാരപ്രകാരമുള്ള കുറെ തസ്തികകളുടെ നിയമനങ്ങൾ ബോർഡ് കൈകാര്യം ചെയ്യണമെന്ന തീരുമാനം എടുത്തിരുന്നുവെങ്കിലും തുടർന്നുവന്ന യു.ഡി.എഫ്. സർക്കാർ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട നടപടി മരവിപ്പിക്കുകയാണ് ചെയ്തത്. ദേവസ്വം ബോർഡുകളിൽ നിലനിൽക്കുന്ന ഭരണസ്തംഭനം ഒഴിവാക്കുന്നതിനും ക്ഷേത്രവുമായി നേരിട്ട് ബന്ധമുള്ള നിയമനങ്ങൾ നടത്തുന്നതിനും ഒരു സംവിധാനം ആവശ്യമായതിനാലാണ് നിലവിലെ നിയമത്തിൽ ഭേദഗതി വരുത്താൻ

തീരുമാനിച്ചത്. 2011-ൽ ദേവസ്വം ബോർഡിലെ ഭരണപരമായ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എൽ.ഡി.എഫ്. ഗവൺമെന്റ് പൂർത്തീകരിച്ച സന്ദർഭത്തിലാണ് സംസ്ഥാനത്ത് ഭരണമാറ്റം ഉണ്ടായത്. റൂൾസ് ഫ്രെയിം ചെയ്യുന്നതിനായി അസാധാരണ ഗസറ്റ് വിജ്ഞാപനവും വന്നിരുന്നു.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്ത ബില്ലുകൾക്ക് അവതരണാനുമതി തേടേണ്ടതില്ല. സാധാരണഗതിയിൽ ഭരണഘടനാവിരുദ്ധമായതും ഗവർണ്ണറുടെ ശിപാർശ ലഭ്യമാകേണ്ടതുമായ ബില്ലുകളെ സംബന്ധിച്ചും അംഗങ്ങൾക്ക് പകർപ്പ് ലഭിക്കാത്തതുമായി ബന്ധപ്പെട്ട ആക്ഷേപം ഉയർന്നുവരുമ്പോഴും ധനകാര്യമെമ്മോറാണ്ടം, ഉദ്ദേശ്യകാരണങ്ങൾ തുടങ്ങിയവയുടെ വിശദീകരണമില്ലാത്ത സാഹചര്യത്തിലുമാണ് സഭയുടെ കീഴ്വഴക്കമനുസരിച്ച് തടസ്സവാദങ്ങൾ ഉന്നയിക്കാറുള്ളത്. സർക്കാർ നയത്തിൽ ഉറച്ചുനിൽക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു. നയപരമായ കാര്യങ്ങളിൽ ഇടപെടുന്നതിന് ചെയറിന് പരിമിതിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-II- ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ക്ഷേത്ര ജീവനക്കാരുൾപ്പെടെയുള്ള ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിൽ നിയമനം നടന്നിരുന്നത് ബന്ധപ്പെട്ട ദേവസ്വം ആക്ടിലെ വ്യവസ്ഥകളനുസരിച്ചായിരുന്നു. ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിലുണ്ടാകുന്ന വ്യാപക ക്രമക്കേടുകളെ സംബന്ധിച്ച് സമർപ്പിച്ച ഹർജിയിന്മേൽ 1985-ലെ ഹൈക്കോടതി ഉത്തരവനുസരിച്ചാണ് ഏതെല്ലാം തസ്തികകളിലേയ്ക്കാണ് നിയമനം നടത്തുന്നത് എന്നുള്ളത് പരസ്യപ്പെടുത്താൻ തീരുമാനിച്ചത്. കാലാകാലങ്ങളിലുണ്ടാകുന്ന അഴിമതി ആക്ഷേപങ്ങളുടെ ഫലമായിട്ടാണ് ദേവസ്വം ബോർഡുകളുടെ ഭരണത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് ഇടപെടേണ്ടിവരുന്നത്. നിയമനങ്ങളിലെ അഴിമതിയെ സംബന്ധിച്ച് പരിശോധിക്കുന്നതിനുവേണ്ടി നിയമിച്ച രണ്ട് കമ്മീഷനുകളും

ദേവസ്വം ബോർഡ് നിയമനങ്ങളിൽ നടക്കുന്ന അഴിമതിക്കൊള്ള അടിവരയിട്ട് സൂചിപ്പിക്കുന്ന റിപ്പോർട്ടുകളാണ് സമർപ്പിച്ചത്. ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ട് വന്നതിനുശേഷമാണ് ദേവസ്വം ബോർഡിലെ ഭരണവിഭാഗം നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാൻ എൽ.ഡി.എഫ്. ഗവൺമെന്റ് തീരുമാനമെടുത്തത്. ചെയർമാനുൾപ്പെടെ 6 അംഗങ്ങളുള്ള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കഴിഞ്ഞ ഗവൺമെന്റ് രൂപീകരിച്ചുവെങ്കിലും അത് കാര്യക്ഷമമായിരുന്നില്ല. ദേവസ്വം ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനുള്ള നിയമ നടപടികളുമായി മുന്നോട്ടുപോകുന്ന അവസരത്തിൽ ക്ഷേത്രാചാരങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട നിയമനങ്ങൾ നടത്തുന്നതിന് മൂന്നംഗങ്ങൾ മാത്രമുള്ള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനാണ് നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.10.2016-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. താൽക്കാലിക ക്രമീകരണം എന്ന നിലയിലാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാനുള്ള തീരുമാനമെടുത്തതെന്നും അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിലെ 20 ശതമാനം നിയമനങ്ങൾ മാത്രമാണ് പി.എസ്.സി.-ക്ക് വിടുന്നത് എന്നുമാണ് ഈ

ബില്ലിൽ പറയുന്നത്. ഒരു ബിൽ നിയമമായാൽ ആയാൽ സാധാരണഗതിയിൽ 90 ദിവസത്തിനകം റൂൾ ഉണ്ടാക്കണമെന്നതാണ് കീഴ്‌വഴക്കം. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് 2007-ൽ കൊണ്ടുവന്ന ബില്ലിന് റൂൾ ഫ്രെയിം ചെയ്തിരുന്നില്ല. ഈ നിയമം പ്രാബല്യത്തിൽ വരുന്നതുകൊണ്ട് ഗവൺമെന്റിന്റെ സഞ്ചിത നിധിയിൽ നിന്ന് യാതൊരുവിധ ചെലവും വരില്ലെന്ന് പറയുന്നത് യാഥാർത്ഥ്യമല്ല. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമത്തെ നഖശിഖാന്തം എതിർത്തുകൊണ്ട് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്നാണ് നിയമസഭയിൽ അന്നത്തെ പ്രതിപക്ഷാംഗങ്ങൾ അഭിപ്രായപ്പെട്ടിരുന്നത്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനോട് ഈ ഗവൺമെന്റ് തത്വത്തിൽ യോജിക്കുന്നതായും ബോർഡിലെ അംഗങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ മാത്രമാണ് അഭിപ്രായ വ്യത്യാസമുള്ളത് എന്നുമാണ് മനസ്സിലാകുന്നത്. മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് ദേവസ്വം ബോർഡിലെ 20 ശതമാനം വരുന്ന അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിന്റെ നിയമനം പി.എസ്.സി.-ക്ക് നൽകിക്കൊണ്ട് നിയമം കൊണ്ടുവന്നെങ്കിലും അതിന്റെ റൂൾസ് ഫ്രെയിം ചെയ്തിരുന്നില്ല. ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ 80

ശതമാനത്തോളം വരുന്ന ക്ഷേത്ര ആചാരങ്ങളുമായി ബന്ധപ്പെട്ട ഒഴിവുകൾ നികത്താതെ താല്ക്കാലിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മദ്യത്തിന്റെ ഉല്പാദനത്തിലോ വിതരണത്തിലോ ഏർപ്പെട്ടിട്ടുള്ളതോ ഏർപ്പെട്ടിരിക്കുന്നതോ ആയ ഒരാൾ ഈ ബോർഡിൽ അംഗമാകാൻ പാടില്ലെന്നുള്ള അയോഗ്യത ഒഴിവാക്കുന്നത് എന്തിനാണെന്ന് വിശദീകരിക്കേണ്ടതാണ്. ഏഴ് വർഷത്തോളം അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരുന്നതും അബ്കാരി ലൈസൻസുള്ളതുമായ വ്യക്തിയെ ബോർഡിന്റെ ചെയർമാനാക്കുന്നതിനാണ് ഈ ഭേദഗതി നിയമം കൊണ്ടുവന്നിട്ടുള്ളത്. ഗവൺമെന്റിന് താല്പര്യമുള്ള വ്യക്തികളെ ദേവസ്വം ബോർഡിന്റെ തലപ്പത്തുകൊണ്ടുവരുന്നതിനായി നിയമ ഭേദഗതി വരുത്തുന്നത് ശരിയല്ല. മദ്യവ്യാപാരം നടത്തുന്നവർ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ ഉൾപ്പെടരുതെന്നുള്ളതുകൊണ്ടാണ് അത്തരമൊരു ക്ലോസ് യു.ഡി.എഫ് സർക്കാർ ബില്ലിൽ ചേർത്തത്. എന്നാൽ ഈ സർക്കാർ അത്തരം ആൾക്കാർക്കുകൂടി കടന്നുകയറാനുള്ള അന്തരീക്ഷം സൃഷ്ടിച്ചിരിക്കുകയാണ്. മലബാർ ദേവസ്വം ബോർഡിലെ കഴകക്കാർക്ക് മതിയായ ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ദേവസ്വം ബോർഡ് ചെയർമാന് നിശ്ചയിച്ചിരിക്കുന്ന

യോഗ്യത ചോദ്യം ചെയ്യപ്പെടാനിടയുള്ളതിനാൽ അതുസംബന്ധിച്ച് വ്യക്തതയുണ്ടാകണം. വിശ്വാസികളെ ദേവാലയങ്ങളിലേക്ക് കടന്നുചെല്ലാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള വ്യവസ്ഥകളായിരിക്കണം ബില്ലിൽ ഉൾപ്പെടുത്തേണ്ടത്. ആരാധനാലയങ്ങൾ അധിനിവേശത്തിന്റെ കേന്ദ്രങ്ങളാകാൻ പാടില്ല. ഒരു ബിൽ നിയമമായിക്കഴിയുന്നതോടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് പ്രസക്തിയില്ലാതാകും. കണ്ടീഷണലായി സംസ്ഥാനത്ത് ഒരു നിയമം പാസ്സാക്കാനാകുമോയെന്ന് ചെയർ വ്യക്തമാക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സഭയിൽ കൊണ്ടുവരുന്ന ഒരു ബില്ലിൽ നയപരമായോ അടിസ്ഥാനപരമായോ മാറ്റം ഉണ്ടായാൽ ആ ആക്ട് റിപ്പീൽ ചെയ്യുകയും പുതിയ ആക്ട് നിലവിൽ വരികയുമാണ് ചെയ്യുന്നത്. അതിന് ഭരണഘടനാപരമായിട്ടുള്ളതും റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ചിട്ടുള്ളതുമായ നടപടിക്രമങ്ങളുണ്ട്. ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നിട്ടുള്ളത് ഓർഡറിലാണോയെന്ന് ചെയർ വ്യക്തമാക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. കടകംപള്ളി സുരേന്ദ്രൻ)</u>: ബിൽ പാസ്സാകുന്ന മുറയ്ക്ക് ദേവസ്വം ബോർഡ് ഒരു സ്ഥിരസംവിധാനമായി തുടരുമെന്ന് ബില്ലിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. ദേവസ്വം

ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ വിവിധ തസ്തികകളിലേക്കുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തുന്നതുവരെ പ്രസ്തുത ചുമതല ബോർഡിനെ ഏൽപ്പിക്കുന്നതായിരിക്കും. ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ള അന്തസ്സും മാന്യതയുമുള്ള ഒരു വ്യക്തിയെ ആയിരിക്കും അദ്ധ്യക്ഷനാക്കുകയെന്ന കാര്യത്തിൽ തർക്കമില്ല.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലുള്ള റിക്രൂട്ട്മെന്റ് ബോർഡിന്റെ ഘടന മാറ്റി അംഗങ്ങളുടെ എണ്ണം കുറച്ചുകൊണ്ടുള്ള ഭേദഗതി ബില്ലാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ സർക്കാർ രൂപീകരിച്ച കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഒരു നിയമനംപോലും നടത്താതെ ഒരു വർഷത്തിനിടെ ശമ്പളം, യാത്രാപ്പടി, വാടക തുടങ്ങിയ ഇനത്തിൽ ഭീമമായ തുക ചെലവഴിക്കുകയാണുണ്ടായത്. ത്വരിതഗതിയിൽ നിയമനങ്ങൾ നടപ്പാക്കാനും

ദേവസ്വം ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഈ ബില്ലിലൂടെ സാധിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വിരമിച്ചവരെ പുന:പ്രതിഷ്ഠിക്കാനുള്ള നീക്കം അവസാനിപ്പിക്കണം. ആശ്രിത നിയമനം നടത്താൻ നടപടിയുണ്ടാകണം. ശബരിമലയിൽ സ്ത്രീകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന വിലക്ക് തുടരേണ്ടതുണ്ടോയെന്ന് പരിശോധിക്കണം. ദേവസ്വം ബോർഡുകളിലെ അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കണം. പണമുണ്ടാക്കുന്ന സ്ഥാപനങ്ങളായി ക്ഷേത്രങ്ങൾ അധ:പതിക്കരുത്. ക്ഷേത്രങ്ങളിലെ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പവിത്രത കൽപ്പിക്കണം. ക്ഷേത്ര ഉപദേശക സമിതികളുടെ ഘടനയിൽ മാറ്റം വരുത്തണം. സാമൂഹികസമത്വം ഉറപ്പാക്കി ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം. ശാന്തിക്കാർക്കും ക്ഷേത്ര ജീവനക്കാർക്കും സേവന കാലയളവിനനുസൃതമായി ഗ്രേഡ് നൽകണം. ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ കൂടുതൽ ജനകീയമാക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

ദേവസ്വം ബോർഡുകളിലെ നിയമനാധികാരം 2007-ൽ പി.എസ്.സി.-ക്ക് വിട്ടുകൊടുത്ത നടപടി 2011-ലെ ഗവൺമെന്റ് മറ്റൊരു നിയമംമൂലം ഇല്ലാതാക്കിയത് പുന:സ്ഥാപിക്കാനാണ് ഈ ബില്ലിലൂടെ ശ്രമിക്കുന്നത്. സ്പെഷ്യൽ റൂൾ തയ്യാറായി അസാധാരണ ഗസറ്റായി വിജ്ഞാപനം പുറപ്പെടുവിക്കേണ്ട സന്ദർഭത്തിലാണ് ഗവൺമെന്റ് ഇടപെട്ട് നിർത്തിവച്ചത്. റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളുടെ എണ്ണം കുറയുന്നുവെന്നു മാത്രമല്ല, നിലവിലുള്ളത്, ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാൾ ചെയർപേഴ്സണായിരിക്കേണ്ടതും മറ്റംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടുന്ന ആളായിരിക്കേണ്ടതുമാണെന്നാണ്. ഈ ഭേദഗതി ബില്ലിൽ പറയുന്നത്, ജില്ലാ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ അല്ലെങ്കിൽ ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളതോ ആയ ഒരാളെ ചെയർപേഴ്സണായി നിയമിക്കണമെന്നാണ്. അംഗങ്ങളെ സംബന്ധിച്ച് , തൊഴിൽസംബന്ധമായതോ സേവനപരമായതോ അല്ലെങ്കിൽ ഭരണപരമായതോ ആയ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിചയ സമ്പന്നരായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

മദ്യത്തിന്റെ ഉദ്പാദനത്തിലോ വിപണനത്തിലോ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിട്ടുള്ളതോ ആയ ആളോ എന്ന ക്ലോസ് വേറൊരു ബോർഡിലും ഇല്ലാത്തതുകൊണ്ടാണ് ആ ക്ലോസ് എടുത്തുകളഞ്ഞത്. ദേവസ്വം ബോർഡിന് കീഴിൽ വരുന്ന എയ്ഡഡ് സ്ഥാപനങ്ങളിലെ വിഷയങ്ങളടക്കം വിശദമായ ചർച്ച സബ്ജക്ട് കമ്മിറ്റിയിൽ ഉണ്ടാകും. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി)ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം

നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**ക്രമപ്രശ്നം**

ബില്ലിന്റെ അവതരണം സംബന്ധിച്ച്

ശ്രീ. കെ. എം. മാണി : ഭരണഘടനയുടെ ആർട്ടിക്കിൾ 202, 213, 252, 265 നിയമസഭാചട്ടം 69(5), 71, 76, 303 എന്നീ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് തടസ്സവാദം ഉന്നയിക്കുന്നത്. അടിസ്ഥാന സൗകര്യ നിക്ഷേപനിധി ഓർഡിനൻസ് 19-08-2016-ലാണ് ഗവർണ്ണർ വിളംബരം ചെയ്തത്. ഇന്ന് രാവിലെയാണ് ഇതിന്റെ പകർപ്പ് നിയമസഭാംഗങ്ങൾക്ക് ലഭിക്കുന്നത്. ബിൽ അവതരണത്തിന് മൂന്ന് ദിവസം മുമ്പ് ബില്ലിന്റെ കോപ്പികൾ, ഇംഗ്ലീഷ് പരിഭാഷ ഉൾപ്പെടെ അംഗങ്ങൾക്ക് ലഭ്യമാക്കണമെന്നാണ് വ്യവസ്ഥയെങ്കിലും അത് ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 202 അനുസരിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്കുള്ള വരവും അതിൽനിന്നുള്ള ചെലവുകളുമാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതും പരിഗണിക്കേണ്ടതും. എന്നാൽ കിഫ്ബി-ക്ക് തിരിച്ച് കൊടുക്കുവാനുള്ള തുക ബഡ്ജറ്റിൽ വകകൊള്ളിക്കുമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് തെറ്റും നിയമവിരുദ്ധവുമാണ്. ഇത് ആർട്ടിക്കിൾ 202-ന് എതിരാണ്.

സർക്കാർ പുറപ്പെടുവിക്കുന്ന സെക്യൂരിറ്റികൾ സംബന്ധമായ എല്ലാ അധികാരവും പാർലമെന്റിന് നൽകിക്കൊണ്ട് 07-12-2011-ൽ നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമായിക്കഴിഞ്ഞു. സെക്ഷൻ 7 പ്രൊവിസോ അനുസരിച്ച് മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗം കിഫ്ബി-യുടെ നിധിയിലേയ്ക്ക് ഓരോ വർഷവും സർക്കാർ വിഹിതമായി നീക്കിവയ്ക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ആ തുക മറ്റൊരു കാര്യത്തിന് ചെലവാക്കാൻ പാടില്ല. കിഫ്ബി ഇതുവരെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയോ നിധി രൂപീകരിക്കുകയോ നോട്ടിഫൈ ചെയ്യുകയോ ചെയ്തിട്ടില്ലാത്തതിനാൽ അതിന്റെ പ്രവർത്തനത്തിന് നിയമസാധുതയില്ല. ആയതിനാൽ ഈ ബിൽ പിൻവലിച്ച് ഭരണഘടനാനുസൃതമായി ഒരു പുതിയ ബിൽ കൊണ്ടുവരണം. ഭരണഘടനാപരമായ സംശയങ്ങൾ ദൂരീകരിക്കാൻ എ.ജി.-യുടെ സഹായം തേടാവുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u> : ഈ ബില്ലിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ നോൺ റെക്കറിംഗ് എക്സ്പെൻസസ് 15 കോടി രൂപയാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഭേദഗതിയിൽ ബില്ലിലെ ഏത് ക്ലോസ്സുകൾ പ്രകാരമാണ് ഈ നോൺ റെക്കറിംഗ് എക്സ്പെൻസുകൾ വരുന്നത് എന്ന്

രേഖപ്പെടുത്തിയിട്ടില്ല. അത് മാൻഡേറ്ററിയാണ്. അത് വ്യക്തമായി രേഖപ്പെടുത്തണം. 20,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിനാണ് ഈ ഭേദഗതി ബിൽ കൊണ്ടുവരുന്നതെന്ന് ഉദ്ദേശ്യകാരണങ്ങളിൽ വിവരിക്കുന്നുണ്ട്. കൺസോളിഡേറ്റഡ് ഫണ്ടിന്മേലുള്ള സെക്യൂരിറ്റിയുടെ അടിസ്ഥാനത്തിലാണ് ഒരു സ്റ്റേറ്റിന്റെ ബോറോയിംഗ് പവർ നിശ്ചയിക്കുന്നത്. 2003-ലെ ആക്ട് അനുസരിച്ച് സർക്കാരിന് ഗ്യാരന്റി നൽകാവുന്ന പരമാവധി തുക എത്രയെന്ന് വ്യക്തമായി നിശ്ചയിച്ചിട്ടുണ്ട്. ആക്ട് ഭേദഗതി ചെയ്ത് ഗവൺമെന്റ് ഗ്യാരന്റിക്കുള്ള പരിധി ഉയർത്താതെ ഈ ബിൽ കൊണ്ടുവരുന്നത് ശരിയല്ല. 1999-ലെ ആക്ടിന്റെ വകുപ്പ് 16(2) അനുസരിച്ച് കിഫ്ബി-യുടെ വാർഷിക റിപ്പോർട്ടും അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണം. കിഫ്ബി-യുടെ പേരിൽ ഭീമമായ തുകയാണ് ചെലവാകുന്നത്. അതിന്റെ ട്രാൻസാക്ഷൻ സംബന്ധമായ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ അനുവദിക്കാതെ നിയമസഭയെ ബൈപ്പാസ് ചെയ്തുകൊണ്ട് ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നത് ഭരണഘടനാ വിരുദ്ധമാണ്. റിസർവ് ബാങ്കിന്റേയും സ്റ്റോക്ക് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെയും അനുമതിയില്ലാതെ ഇടക്കാല ആവശ്യങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിനും സഞ്ചിതനിധിക്കും പുറത്തുനിന്ന് ഭീമമായ തുക കടമെടുക്കുന്നതിനും ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ

ബോണ്ടുകൾ എന്നിവ വഴി ഫണ്ട് സമാഹരിക്കുന്നതിനുമായി ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നത് നിയമവിരുദ്ധമാണ്. ഇത്തരമൊരു ബിൽ കൊണ്ടുവരുന്നതിന് കിഫ്ബി പോലൊരു ബോർഡ് ആരംഭിച്ച് ഫിനാൻഷ്യൽ ട്രാൻസാക്ഷൻ നടത്തുന്നതിന് റിസർവ് ബാങ്കിന്റെയോ സെബിയുടെയോ അനുമതി വാങ്ങിയിട്ടുണ്ടോയെന്ന് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ വ്യക്തമാക്കണം. മൂലനിയമത്തിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്കിന്റെ അനുമതിയില്ലാതെ ഇൻഫ്രാസ്ട്രക്ചർ ബോർഡിന്റെ പേരിൽ 1999-ൽ എൽ.ഡി.എഫ്. സർക്കാർ ഇറക്കിയ ബോണ്ടുകൾ ആർ.ബി.ഐ.യുടെ നിർദ്ദേശപ്രകാരം തിരിച്ചടക്കേണ്ടിവന്നുവെന്നും ബോർഡിന്റെ പ്രവർത്തനം തന്നെ നിലച്ചുവെന്നുമുള്ള വസ്തുത വിസ്മരിക്കരുത്. പബ്ലിക്-പ്രൈവറ്റ് സെക്ടറുകളിൽ ബോണ്ട് ഇഷ്യൂ ചെയ്ത് പണം സ്വരൂപിക്കുമ്പോൾ പാർലമെന്റ് പാസ്സാക്കിയ റിസർവ് ബാങ്ക് ആക്ടും സെബി ആക്ടും കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളൊന്നും ഈ നിയമം അവതരിപ്പിക്കുന്നതിന് തടസ്സമാകുന്നില്ല. ഭരണഘടന ആർട്ടിക്കിൾ 213 (2) (എ) പ്രകാരം ബിൽ അവതരിപ്പിച്ചിട്ടുള്ളതിനാൽ അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്ന് മാത്രമല്ല, പ്രസ്തുത ബില്ലിന്മേൽ

അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള എതിർപ്പുകൾ സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിൽ വിശദമായി പരിശോധിക്കുന്നതാണ്. 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവുകൾ വരുന്ന ഖണ്ഡങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല. റെക്കറിംഗ്, നോൺ റെക്കറിംഗ് എക്സ്പെൻസസിനെ സംബന്ധിച്ച് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പ്രതിപാദിക്കണമെന്ന വാദവും റിസർവ് ബാങ്കിന്റെ നിർദ്ദേശപ്രകാരമല്ലാതെ 1999-ലെ എൽ.ഡി.എഫ്.ഗവൺമെന്റ് ബോണ്ട് വഴി സ്വരൂപിച്ച പണം തിരിച്ചടയ്ക്കേണ്ടിവന്നു എന്നുള്ള ആരോപണവും അടിസ്ഥാനരഹിതമാണ്. ഭേദഗതി ചെയ്യപ്പെടുന്ന ആക്ടിന്റെ 3 -ാം വകുപ്പ് (8)-ാം ഉപവകുപ്പുപ്രകാരം സർക്കാർ വാർഷിക ബഡ്ജറ്റിന്റെ അവതരണത്തോടൊപ്പം ബോർഡിന്റെ ധനാഗമമാർഗ്ഗങ്ങളും അവയുടെ വിനിയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റും സമർപ്പിക്കണമെന്നുള്ള വ്യവസ്ഥ പര്യാപ്തമാണ്. 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ട് ഭേദഗതി ചെയ്തുകൊണ്ട് സെബിയും ഭാരതീയ റിസർവ് ബാങ്കും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ സെബിയുടെയും റിസർവ് ബാങ്കിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ബോണ്ടുകൾ പുറപ്പെടുവിക്കാവുന്നതാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച തടസ്സവാദങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞെങ്കിലും ശ്രീ. കെ. എം. മാണി ഉന്നയിച്ച കാര്യങ്ങൾക്ക് ചെയറിന്റെ ഭാഗത്തുനിന്ന് വിശദീകരണം നൽകേണ്ടതുണ്ട്. ചട്ടം 71-ന്റെ അവതരണാനുമതിയുമായി ബന്ധപ്പെട്ട കാര്യമാണ് അദ്ദേഹം ഉന്നയിച്ചത്. അത് പ്രൈവറ്റ് ബില്ലുമായി ബന്ധപ്പെട്ട ചട്ടമാണ്. ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഗവൺമെന്റ് ബില്ലാണിത്. രണ്ടാമതായി അദ്ദേഹം ഉന്നയിച്ചത് ഓർഡിനൻസ് യഥാസമയം ലഭ്യമായിട്ടില്ലെന്നാണ്. ഓർഡിനൻസ് ഗസറ്റിൽ പബ്ലിഷ് ചെയ്തിരിക്കുന്നത് 19.08.2016-നാണ്. ബില്ലിന്റെ കോപ്പി 21.09.2016-നും ഇംഗ്ലീഷ് പരിഭാഷ 25.09.2016-നും നൽകിയിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു. ആയതിനാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യാവുന്നതാണ്. സഭ മുമ്പാകെ വരുന്ന ബില്ലുകളിൽ ധനകാര്യ മെമ്മോറാണ്ടം വ്യക്തമായി പ്രതിപാദിക്കത്തക്കവിധത്തിലുള്ളതായിരിക്കണമെന്ന് മുമ്പ് റൂളിംഗ് നൽകിയിട്ടുണ്ട്. അത് പരിഹരിക്കപ്പെടണമെന്ന് ചെയർ ആവർത്തിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 1999-ൽ ഉണ്ടാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട സ്ഥാപനമാണ് കിഫ്ബി. 1999-നും 2016-നുമിടയ്ക്ക് സാമ്പത്തിക ചട്ടങ്ങളിലും വായ്പാ കമ്പോളത്തിന്റെ സ്വഭാവത്തിലും വന്ന വ്യത്യാസങ്ങൾ പരിഗണിച്ചാണ് ഈ നിയമത്തിന് ഭേദഗതി കൊണ്ടുവന്നത്. നിക്ഷേപ വായ്പ ദൈനംദിന ചെലവുകൾക്ക് ഉപയോഗിക്കാൻ പാടില്ലെന്ന കർശനമായ വ്യവസ്ഥ പുതിയ നിയമഭേദഗതിയിലുണ്ട്. നിലവിലെ നിയമത്തിൽ ആൾട്ടറേറ്റീവ് ഇൻവെസ്റ്റുമെന്റ് ഫണ്ടിനെക്കുറിച്ചോ ഇൻഫ്രാസ്ട്രച്ചർ ഡെഡ് ഫണ്ടിനെക്കുറിച്ചോ പറയാത്തത് വായ്പ എടുക്കേണ്ട സമയത്ത് സെബി-യുടെയോ ആർ.ബി.ഐ. യുടെയോ ലൈസൻസ് വാങ്ങി സ്ട്രക്ച്ചേഴ്സ് ഉണ്ടാക്കാമെന്നുള്ളതുകൊണ്ടാണ്. പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഈ നിയമഭേദഗതി ആവശ്യമാണ്. സമാഹരിക്കുന്ന

പണം ചെറിയ പ്രോജക്ടുകൾക്കുവേണ്ടി മാത്രം വിനിയോഗിക്കാനുള്ള അവകാശമുണ്ടായിരുന്നത് മാറ്റി സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചറിനുള്ള സാധ്യതയുണ്ടാക്കിയിരിക്കുകയാണ്. കിഫ്ബി ബോണ്ട് എടുത്തുകഴിഞ്ഞാൽ പണം തിരിച്ചടയ്ക്കുന്നതിന് നേരത്തെയുണ്ടായിരുന്ന നിയമത്തിൽ പ്രത്യേകിച്ചൊരു സംവിധാനവുമുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോഴത്തെ നിയമത്തിൽ തിരിച്ചടവിന് വ്യക്തമായ മാർഗ്ഗങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ധനകാര്യ സ്ഥാപനത്തിൽനിന്നും പണമെടുക്കുന്നത് ആ ആവശ്യത്തിനുതന്നെയാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് ഒരു ട്രസ്റ്റ് ഫണ്ട് ബോർഡുണ്ടാകും. നിലവിലുള്ള നിയമം ഇന്നത്തെ സാഹചര്യങ്ങൾക്കനുസൃതമായി ഭേദഗതി ചെയ്യുകയാണുണ്ടായത്.

Dr. M. K. Muneer: I move that "This House resolves to disapprove The Kerala Infrastructure Investment Fund (Amendment) Ordinance, 2016 (Ordinance No. 6 of 2016)"

കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ആദ്യത്തെ ബില്ലിൽ ധാരാളം ഭേദഗതികൾ കൂട്ടിച്ചേർത്തിട്ടുള്ളതിനാൽ ഇതൊരു അമെന്റ്മെന്റ് ബില്ലാണെന്ന് പറയാൻ സാധിക്കില്ല. റോഡ്, റെയിൽ തുടങ്ങിയ 23 മേഖലകളിലാണ് ഇതിൽനിന്ന് കിട്ടുന്ന ഇൻവെസ്റ്റ്മെന്റ് ഉപയോഗിക്കാൻ പോകുന്നത്. നിയമസഭ പാസ്സാക്കിയ കേരള റോഡ് ഫണ്ട് ബോർഡ് ബില്ലിലും

ഈ ഭേദഗതി ബില്ലിലും ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യങ്ങൾ ഒന്നുതന്നെയായതിനാൽ റോഡ് ഫണ്ട് ബോർഡ് പിരിച്ചുവിടാനുള്ള തീരുമാനമെടുത്തതിനുശേഷം ഈ ബിൽ അവതരിപ്പിക്കുന്നതായിരിക്കും ഉചിതം. രണ്ട് ബില്ലിലും വെഹിക്കിൾ ടാക്സും പെട്രോൾ സെസ്സും പിരിക്കാൻ പറയുന്നുണ്ട്. ഒരു കോടിയലധികം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന പാലത്തിന് മാത്രമേ ടോൾ പിരിക്കേണ്ടതുള്ളുവെന്നും കാലാകാലങ്ങളിൽ ജനങ്ങൾക്ക് അത് വേണ്ടെന്ന് തോന്നുകയാണെങ്കിൽ ഉപേക്ഷിക്കാനുമുള്ള തീരുമാനംകൂടി പഴയ ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നു. ആന്വിറ്റി സ്കീമിനെക്കുറിച്ച് ഒരു വരിപോലും ഈ ബില്ലിൽ പറഞ്ഞിട്ടില്ല.

ശ്രീ. വി. പി. സജീന്ദ്രനു വേണ്ടി (ശ്രീ. വി. ഡി. സതീശൻ): നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. 1999-ൽ ബിൽ കൊണ്ടുവന്നപ്പോൾ അടിസ്ഥാന സൗകര്യ വികസനത്തിനായി ധാരാളം മാറ്റങ്ങളുണ്ടാകുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത നടപടികളാണ് അന്ന് സ്വീകരിച്ചത്. കേരളത്തിലെ എല്ലാ വകുപ്പുകളുടെയും ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് നടത്തുന്നത് കിഫ്ബി-യാണെങ്കിൽ ധാരാളം വകുപ്പുകൾ പിരിച്ചുവിടേണ്ടിവരും. ഇന്ത്യയുടെ ഭരണഘടനയിൽ വളരെ വ്യക്തമായി നിർവ്വചിച്ചിട്ടുള്ള അധികാരങ്ങൾപോലും ഈ ബില്ലിലൂടെ കവർച്ച ചെയ്യുകയാണുണ്ടായിട്ടുള്ളത്. ഫിനാൻസ് മാർക്കറ്റിലെ സാധ്യതകൾ

വർദ്ധിപ്പിക്കുന്നതിന് യു.പി.എ. ഗവൺമെന്റ് എടുത്ത തീരുമാനങ്ങളാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ പ്രചോദനമായത് എന്നതിൽ അഭിമാനമുണ്ട്. വലിയ തുക കടമെടുക്കുമ്പോൾ പലിശയുൾപ്പെടെ തിരിച്ചടയ്ക്കുന്നത് എങ്ങനെയായിരിക്കണമെന്നതിനെ സംബന്ധിച്ച് ധനകാര്യ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോയെന്നും വായ്പകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കണം. അടിസ്ഥാനസൗകര്യ വികസനമേഖലയിലുള്ള നിക്ഷേപംവഴി സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ വിവിധ സെക്ടറുകളിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് ഉണ്ടാകാൻ പോകുന്നത് എന്നത് സംബന്ധിച്ച് പ്രാഥമിക പഠനം നടത്തണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാൻ ഈ ധനസമാഹരണ മാർഗ്ഗം പ്രയോജനപ്പെടുത്തണം. കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഫലപ്രദമായ മേൽനോട്ടത്തിന് ബില്ലിൽ പറയുന്ന സംവിധാനം പര്യാപ്തമാണോയെന്ന് പരിശോധിക്കണം. കൂടാതെ എൻ.ആർ.ഐ.-കളിൽ നിന്നും തുക സമാഹരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കണം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : സർ, '2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി

30.10.2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു'. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഏകദേശം 50,000 കോടി രൂപയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കേരളത്തെ സാമ്പത്തിക മാന്ദ്യത്തിൽ നിന്നും സുസ്ഥിരതയിലെത്തിക്കുക എന്ന ഉദ്ദേശ്യലക്ഷ്യമാണ് ഈ ബില്ലിലുള്ളത്. സാമൂഹ്യ-സാമ്പത്തിക-ടൂറിസം രംഗത്ത് വലിയ മാറ്റമുണ്ടാക്കാനും കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റാനും കിഫ്ബി ലക്ഷ്യമിടുന്നുവെന്നതാണ് ബില്ലിന്റെ പ്രത്യേകത. കേരളത്തിന്റെ എല്ലാ മേഖലകളിലും വികസനമെത്തിക്കുന്നതിനാവശ്യമായ ധനം സമാഹരിക്കുക എന്ന ലക്ഷ്യമാണ് കിഫ്ബിക്കുള്ളത്. പ്രോജക്ടുകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സംവിധാനത്തിലെ നൂലാമാലകൾ ഒഴിവാക്കുന്നതിനും പ്രോജക്ടുകൾക്കുള്ള തുക വകമാറ്റി ചെലവഴിക്കുന്നത് തടയാനും ഈ ബില്ലിലൂടെ കഴിയുമെന്നത് അഭിനന്ദനാർഹമാണ്. കിഫ്ബി-യുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിലുള്ള കമ്മിറ്റികളും ഫണ്ട് ട്രസ്റ്റ് ഉപദേശക കമ്മീഷനുമുണ്ട്. പുതിയ ധനകാര്യ ദർശനത്തിന് ഊന്നൽ നൽകി സംസ്ഥാനത്തിന്റെ വികസന സ്വപ്നങ്ങൾ

യാഥാർത്ഥ്യമാക്കുന്നതിനായി ഈ ബിൽ കൊണ്ടുവന്ന ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു.

ശ്രീ. എം. രാജഗോപാലനുവേണ്ടി (ശ്രീ. ജോൺ ഫെർണാണ്ടസ്): 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിന്റെ അടിസ്ഥാന വികസന മേഖലയിൽ സ്വപ്നതുല്യമായ നേട്ടങ്ങൾ കൈവരിക്കാനുതകുന്ന ഈ ബില്ലിനെ എതിർക്കുന്ന പ്രതിപക്ഷ നിലപാട് അംഗീകരിക്കാൻ കഴിയില്ല. അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ തുക കണ്ടെത്തുമെന്ന് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചതല്ലാതെ പ്രാവർത്തികമാക്കാൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചില്ല. മൂലധനച്ചെലവ് വർദ്ധിപ്പിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനുപകരം കടമെടുത്ത് നിത്യനിദാനച്ചെലവുകൾ നിർവ്വഹിക്കുകയാണ് യു.ഡി.എഫ്. സർക്കാർ ചെയ്തത്. അടിസ്ഥാന സൗകര്യ നിക്ഷേപനിധിയുടെ നടത്തിപ്പ് കാലഘട്ടത്തിനനുസൃതമായി മെച്ചപ്പെടുത്തുന്നതിനാണ് മുഖ്യമന്ത്രി ചെയർമാനായി സമിതി രൂപീകരിച്ചിട്ടുള്ളത്. ആവശ്യമായ മേഖലകളിൽ പണം മുടക്കാനും നീക്കിവയ്ക്കുന്ന പണം ആ മേഖലയിൽത്തന്നെയാണോ

ഉപയോഗിക്കുന്നതെന്ന് പരിശോധിക്കുന്നതിനും ഈ ബില്ലിലൂടെ സാധിക്കുന്നതാണ്. കേരളത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കുമാവശ്യമായ വിഭവം സമാഹരിക്കുക എന്നതാണ് ഈ ബില്ലിലൂടെ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഗൗരവതരമായ ചർച്ചയാണ് ഈ ബില്ലിന്മേൽ നടന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വർദ്ധിച്ചുവന്ന റവന്യൂ കമ്മി എൽ.ഡി.എഫ്. ഗവൺമെന്റ് കുറച്ചുകൊണ്ടുവരികയാണ് ചെയ്തത്. സംസ്ഥാനത്തിന്റെ ദീർഘകാല വളർച്ച ലക്ഷ്യമാക്കിയാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി വായ്പ എടുക്കുന്നത്. സർക്കാരിന്റെ ധനപരമായ ഇടപെടൽശേഷിയെ തളച്ചിടുന്ന നിബന്ധനകളെ മറികടക്കാനാണ് ശ്രമിക്കുന്നത്. ഇനിമുതൽ കേരളത്തിലെ പാലങ്ങൾക്കും റോഡുകൾക്കും ടോൾ ഏർപ്പെടുത്തുകയില്ല. നിലവിലുണ്ടായിരുന്ന ബഡ്ജറ്റ് അലോക്കേഷനിൽ കുറവ് വരുത്തിയിട്ടില്ലെന്നുമാത്രമല്ല പുതുക്കിയ ബഡ്ജറ്റിൽ 230 കോടി രൂപയുടെ അധികച്ചെലവ് പ്രഖ്യാപിച്ചിട്ടുമുണ്ട്. മോട്ടോർ വെഹിക്കിൾ ടാക്സിനത്തിൽ ലഭിക്കുന്ന വരുമാനത്തിന്റെ 10 ശതമാനം റോഡ് ഫണ്ട്

ബോർഡിന് നൽകും. നിലവിലുള്ള ഒരു പ്രോജക്ടും വേണ്ടെന്നുവയ്ക്കുകയോ അവയ്ക്കുള്ള അലോട്ട്മെന്റ് കുറയ്ക്കുകയോ ചെയ്തിട്ടില്ല. ടെണ്ടർ വിളിച്ച് എഗ്രിമെന്റ് വച്ചിട്ടുള്ള പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിക്കും. ബില്ലുകൾ കൺകറന്റായി മാറുന്നതുവരെ പുതിയ പ്രോജക്ടുകൾ കിഫ്ബി-യിലേക്ക് മാറ്റും. പൊതുവിദ്യാഭ്യാസ മേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കും. താലൂക്ക് ആശുപത്രി ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തും. ഇ. എം. എസ്. പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുനൽകും. ഇൻഡസ്ട്രിയൽ കോറിഡോർ ഉൾപ്പെടെ ഐ.റ്റി. പാർക്കുകൾ സ്ഥാപിക്കും. അഞ്ചുവർഷംകൊണ്ട് സംസ്ഥാന പാതകളുൾപ്പെടെയുള്ള റോഡുകൾ ബി.എം ആന്റ് ബി. സി. റോഡുകളാക്കി മാറ്റും. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. എസ്.സി/എസ്.റ്റി. ഹോസ്റ്റലുകളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കും. സ്റ്റാറ്റ്യൂട്ടറി ബോർഡുകളെ കിഫ്ബി-യുടെ പരിധിയിൽകൊണ്ടുവരുന്നതിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാം. തെറ്റിദ്ധാരണയുണ്ടാക്കുന്ന കാര്യങ്ങളുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താം. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന്

അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4. 30- ന് പിരിഞ്ഞു.

********